ആസാദി കാ അമൃത് മഹോത്സവ് പരിപാടികൾ തിങ്കളും ചൊവ്വയും

കൊടുങ്ങല്ലൂർ: സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട കല്ലുംഗലം നിയോജക മണ്ഡലത്തിലെ പരിപാടികൾ നവംബർ 14, 15 തീയതികളിൽ പി. വെമ്പല്ലൂർ എം.ഇ.എസ് അസ്സാബി കോളജിൽ നടക്കുമെന്ന് സംഘാടകർ അറിയിച്ചു. മുനിസിപ്പൽ സഹകരണത്തോടെയുള്ള ലഹരിവിരുദ്ധ ബോധവൽകരണ പരിപാടികൾ, കേരള നിയമസഭ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫോട്ടോ-വിഡിയോ പ്രദർശനം, കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണവും സെമിനാർ തുടങ്ങിയവയാണ് രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ചിരിക്കുന്നത്.

തിങ്കളാഴ്ച രാവിലെ 9.30ന് കേരള നിയമസഭ സ്പീക്കർ എ.എൻ. ഷംസീർ വിഡിയോ സന്ദേശം നൽകുന്ന ചടങ്ങിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ അധ്യക്ഷത വഹിക്കും. ഇ.ടി. ടൈസൺ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ബെന്നി ബെഹനാൻ എം.പി മുഖ്യാതിഥിയായിരിക്കും. വൈകിട്ട് 6.30ന് നടക്കുന്ന കലാ സാംസ്കാരിക സന്ധ്യ രണ്ടാം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് വിശിഷ്ടാതിഥി ആയിരിക്കും.

ചൊവ്വാഴ്ച രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ കേരള നിയമസഭ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫോട്ടോ-വിഡിയോ പ്രദർശനം നടക്കും. പൊതുജനങ്ങൾക്കും കാണാൻ അവസരം ഉണ്ടാകും.

സെമിനാറിൽ വിവിധ വിദ്യാലയങ്ങളിൽനിന്ന് തെരഞ്ഞെടുത്ത വിദ്യാർഥികൾ പങ്കെടുക്കും. വാർത്ത സമ്മേളനത്തിൽ ഇ.ടി. ടൈസൺ, എം.എൽ.എ, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ, സംഘാടകസമിതി ജനറൽ കൺവീനർ പ്രിൻസിപ്പൽ ഡോ. എ. ബിജു, കോളജ് സെക്രട്ടറി അഡ്വ. കെ.എം. മുഹമ്മദ് നവാസ്, പബ്ലിസിറ്റി കമ്മിറ്റി കൺവീനർ പി.എ. സീതി തുടങ്ങിയവർ പങ്കെടുത്തു.

അസ്സാബി കോളജിൽ നടന്ന സെമിനാറിൽ ഡോ. സെബാസ്റ്റ്യൻ പോൾ സംസാരിക്കുന്നു

സ്വതന്ത്ര മാധ്യമങ്ങളും ജനാധിപത്യവും പരസ്പരപൂരകം -ഡോ. സെബാസ്റ്റ്യൻ പോൾ

കൊടുങ്ങല്ലൂർ: ആവിഷ്കാര സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകമാണെന്ന് ഡോ. സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു. പി. വെമ്പല്ലൂർ എം.ഇ.എസ് അസ്സാബി കോളജിൽ സംഘടിപ്പിച്ച ഏകദിന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജനാധിപത്യമെന്ന ആശയം രൂപപ്പെടുമ്പോൾ മാധ്യമങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോൾ സ്വതന്ത്ര മാധ്യമങ്ങളില്ലാതെ ജനാധിപത്യം സാധ്യമല്ല അദ്ദേഹം പറഞ്ഞു. കേരള സർക്കാറിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സുമായി സഹകരിച്ച് പൊളിറ്റിക്കൽ സയൻസ് വിഭാഗവും ഐ.ക്യു.എ.സിയുമാണ് സെമിനാർ സംഘടിപ്പിച്ചത്.

ഇ.ടി. ടൈസൺ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. മാധ്യമപ്രവർത്തകരായ എൻ. മാധവൻകുട്ടി, ശ്രീജ ശ്യാം എന്നിവർ വിവിധ സെഷനുകളിൽ പ്രഭാഷണങ്ങൾ നടത്തി.

വിവിധ കോളജുകളിൽനിന്ന് പത്തിലധികം പ്രബന്ധങ്ങളുടെ അവതരണങ്ങളും നടന്നു.

കോളജ് പ്രിൻസിപ്പൽ ഡോ. എ. ബിജു, സെക്രട്ടറി നവാസ് കാട്ടകത്ത്, ചെയർമാൻ ആസ്റ്റിൻ അഷറഫ്, വൈസ് പ്രിൻസിപ്പൽ ഡോ. നീന മുഹമ്മദ് എന്നിവർ സംസാരിച്ചു.

പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി സനന്ദ് സദാനന്ദൻ സ്വാഗതവും ഐ.ക്യു.എ.സി കോഓഡിനേറ്റർ ഡോ. അമിത പി. മേനോൻ നന്ദിയും പറഞ്ഞു.

കരാട്ടേ ഇൻസ്ട്രക്ടർ ഒഴിവ്

കൊടുങ്ങല്ലൂർ: എടവിലങ്ങ് സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ അസോസിയേഷനിൽ അംഗമായിട്ടുള്ള നിശ്ചിത യോഗ്യതയുള്ള